LIBRARY ARCHIVES Kerala Legislative Assembly

ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജിലേക്കും പോളിടെക്നിക്കുകളിലേക്കുമുള്ള അദ്ധ്യാപക നിയമനത്തിനുള്ള പരീക്ഷ

394 [2455] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജുകളിലേക്കും പോളിടെക്നിക്കുകളിലേക്കും അദ്ധ്യാപക നിയമനത്തിനായി 2001 അവസാനം അപേക്ഷ ക്ഷണിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പരീക്ഷ എന്ന് നടന്നു; നടന്നില്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) വീണ്ടും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത നിയമനത്തിന് മുമ്പ് അപേക്ഷ സമർപ്പിച്ചവരെ ഉൾപ്പെടുത്തി പരീക്ഷ നടത്തുമോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജുകളിലേക്കും പോളിടെക്നിക്കുകളിലേക്കും മറ്റ് ഐ. എച്ച്. ആർ. ഡി. വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും, അദ്ധ്യാപക, അദ്ധ്യാപകേതര നിയമനത്തിനായി 2001 നവംബറിൽ അപേക്ഷ ക്ഷണിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആകെ 2950 അപേക്ഷകൾ ലഭിച്ചു.

(ബി) 16-1-2002 മുതൽ സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമന നിരോധനം ഏർപ്പെടുത്തിയതിനാൽ ഇതിന്റെ പരീക്ഷ ഇതുവരെ നടന്നില്ല.

(സി) ഉണ്ട്. 16-1-2002 മുതൽ സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തിയ നിയമന നിരോധനം രണ്ടുവർഷത്തോളം നിലനിന്നിരുന്നു. ജോലിക്ക് അപേക്ഷിച്ചവരിൽ നല്ലൊരുപങ്ക് ഈ കാലയളവിൽ മറ്റ് ജോലി സ്വീകരിച്ച് പോയിട്ടുള്ളതിനാൽ മെച്ചപ്പെട്ട അദ്ധ്യാപന നിലവാരമുള്ളവരെ ലഭിക്കുന്നതിനുവേണ്ടിയാണ് വീണ്ടും ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ചത്.

(ഡി) മുമ്പ് അപേക്ഷ സമർപ്പിച്ചവരെ ഉൾപ്പെടുത്തി പരീക്ഷ നടത്തുന്നതാണ്.

നാദാപുരം ഐ. എച്ച്. ആർ. ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്

395 [2456] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. നാദാപുരത്ത് അനുവദിച്ച കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഈ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;